പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 338**

13/12/2018 ൽ മറുപടിക്ക്

# കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. ജോയി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.എം. മുകേഷ് | **ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിൽ നിന്ന് കരകയറ്റുവാൻ ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി സൃഷ്ടിക്കാനായ നേട്ടം വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ കാഴ്ച്ചവെച്ചിരിക്കുന്നത്.<br><br>സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവിൽ വർദ്ധനവും, മൊത്തം നഷ്ടം ഗണ്യമായി കുറച്ചുകൊണ്ട് വന്ന് 2017-18 സാമ്പത്തിക വർഷം മൊത്തം ലാഭം കൈവരിക്കുവാൻ സാധിച്ചു. ഓരോ സ്ഥാപനങ്ങളുടെയും പ്രവർത്തനം മാസംതോറും അവലോകനത്തിനു വിധേയമാക്കി നഷ്ടം കുറയ്ക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ സർക്കാർ തലത്തിലും കമ്പനി തലത്തിലും നടത്തിയതിന്റെ ഫലമായി ഓരോ വർഷവും ഉണ്ടാക്കുന്ന നഷ്ടത്തിന്റെ തോതിൽ കുറവു വരുത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. കൂടാതെ മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള |

വിവിധ മേഖലകളിലുള്ള പരിശീലന പരിപാടികളും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി നടത്തിവരുന്നു. സ്ഥാപനങ്ങളിൽ നടത്തിവരുന്ന വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി മുൻ കാലങ്ങളെ അപേക്ഷിച്ച് കൂടുതൽ ബഡ്ജറ്റ് വിഹിതവും സർക്കാർ നൽകിവരുന്നു.

ഇതിന്റെ ഫലമായി ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് 2015-16 കാലയളവിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, SIFL, TELK, Traco Cable Company Ltd, KMML, KSIE തുടങ്ങിയ സ്ഥാപനങ്ങളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കുവാൻ സാധിച്ചു.

(ബി) സംസ്ഥാനത്ത് പുതിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങാതിരിക്കുകയും ഉള്ളവ വിറ്റഴിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷത്തെ ദുർബലപ്പെടുത്താതിരിക്കുവാനായി, കേന്ദ്ര സർക്കാർ വിറ്റഴിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളേതെങ്കിലും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

ബി) ഉണ്ട്.

(സി) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുക്കുവാൻ സർക്കാർ താല്പര്യം പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം അറിയിക്കാമോ;

സി) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ മുഴുവൻ ഓഹരികളും വിറ്റഴിക്കുവാനുള്ള നടപടികൾ കേന്ദ്രസർക്കാർ ആരംഭിച്ചതിനെ തുടർന്ന് എച്ച്.എൻ.എല്ലിന്റെ ആസ്തി ബുക്ക് വാല്യൂ നിരക്കിൽ സംസ്ഥാനം സ്വമേധയാ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട് കേന്ദ്രസർക്കാർ എച്ച്.എൻ.എല്ലിന്റെ ഓഹരിവിറ്റഴിക്കുവാൻ നടപടിയുമായി മുന്നോട്ട് പോകുന്നതായാണ് അറിയുന്നത്.

ഡി) സംസ്ഥാന സർക്കാർ വിട്ടു നൽകിയ ഭൂമിയിൽ സ്ഥാപിച്ച് 1250 കോടി രൂപയുടെ വിറ്റുവരവോടെ മിനിരത്നാ കമ്പനിയായി മാറിയ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവൽക്കരിച്ച് അയ്യായിരത്തിലധികം വരുന്ന തൊഴിലാളികളെ പ്രതിസന്ധിയിലാക്കുന്ന നീക്കത്തിൽ നിന്ന് പിന്മാറുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ?

ഡി) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് എന്ന പേരിൽ ആരംഭിച്ച് കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിച്ച് വരുന്ന മിനി രത്ന വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനമാണ് പിന്നീട് പുനർനാമകരണം ചെയ്ത എച്ച്. എൽ എൽ ലൈഫ് കെയർ ലിമിറ്റഡ്. ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനിയുടെ സ്വകാര്യവൽക്കരണത്തിനെതിരെ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(c) No: 702/2018 മേൽ ഉള്ള 16.10.2018 ലെ വിധി ന്യായത്തിൽ സർക്കാരിന്റെ നയ പരമായ തീരുമാനങ്ങളിൽ കോടതിയ്ക്ക് ഇടപെടാൻ കഴിയില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ